കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല – വളയം ഗ്രാമപഞ്ചായത്ത് - വ്യാവസായിക പരിശീലന വകുപ്പിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2370/2014/തസ്വഭവ          തീയതി, തിരുവനന്തപുരം: 10.09.2014.

---

പരാമർശം:

1) 11/6/2014 ലെ സഉ(സാധാ)നം 1479/2014/തസ്വഭവ.

2)ട്രെയിനിംഗ് ഡയറക്ടറുടെ 5/7/2014 ലെ ഐ4/18274/09 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ വളയം വില്ലേജിലെ റീസർവ്വേ 26,24/1 ൽപ്പെട്ട 39.52 ആർ സ്ഥലം , അതിന്റെ ഉടമസ്ഥാവകാശം ടി ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തി ,വളയം സർക്കാർ ഐ.ടി.ഐ യ്ക്കുവേണ്ടി വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പരാമർശം(1) പ്രകാരം വളയം ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിയാൽ ഐടിഐ യ്ക്ക് അഫിലിയേഷൻ ലഭിയ്ക്കില്ലെന്നും അതിന് കെട്ടിടനിർമ്മാണം നടത്താൻ കഴിയില്ലെന്നും ആയതിനാൽ "സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വളയം ഗ്രാമപഞ്ചായത്തിൽ നിലനിർത്തി വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുനല്കി" എന്ന നിബന്ധന ഒഴിവാക്കി " സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുനല്കിക്കൊണ്ട്" എന്നാക്കി ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം(2)പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

......2/-

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1)ലെ, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വളയം ഗ്രാമപഞ്ചായത്തിൽ നിലനിർത്തുന്നതാണ് എന്ന വ്യവസ്ഥ ഒഴിവാക്കി ഉടമസ്ഥാവകാശം വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുനല്കിക്കൊണ്ട് എന്ന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഭേദഗതിയോടെ പരാമർശം(1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.കെ. രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്/എൽബിഎ&എ) കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി , വളയം ഗ്രാമപഞ്ചായത്ത്, വളയം പി.ഒ, കോഴിക്കോട് പിൻ 673 517
ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :
സഉ(സാധാ)നം.1479/2014/തസ്വഭവ നമ്പർ തീർപ്പ് ഫയലിലേക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് വകുപ്പ് (17258/സി3/2014/തൊഴിൽ പ്രകാരം)